**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2803 — 10/12/2014-ൽ മറുപടിയ്ക്ക്

## നോക്കുകൂലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>" മോൻസ് ജോസഫ്<br>" തോമസ് ഉണ്ണിയാടൻ<br>" റ്റി.യു. കുരുവിള | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നോക്കുകൂലി അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് ചുമട്ടു തൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടു കൂലി പ്രാബല്യത്തിൽ വരുത്തുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. ഇതിൻ പ്രകാരം ആറ് ജില്ലകളിൽ ഏകീകൃത ചുമട്ടു കൂലി നിലവിൽ വന്നിട്ടുണ്ട്. ബാക്കി ജില്ലകളിൽ ഏകീകൃത ചുമട്ടു കൂലി നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലയിൽ ഇനിയും ഇത് നടപ്പിലാക്കാൻ ഉണ്ട്; | (ബി) ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കാനുള്ളത്. |
| (സി) നോക്കുകൂലിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടന്നു വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ ശക്തമായ നടപടികൾ സ്വീകരിക്കാം എന്ന് വ്യക്തമാക്കാമോ? | (സി) ഉണ്ട്. നോക്കുകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും ചുമട്ടുതൊഴിലാളികളുടെ തിരിച്ചറിയൽ കാർഡ് റദ്ദ് ചെയ്യുകയും അമിതമായോ, അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ, ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിനു കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ